പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 2433

05.11.2019 ൽ

മറുപടിക്ക്

**മലബാർ സിമന്റ്സിൽ ലാസ്റ്റ്ഗ്രേഡ് തസ്തിക**

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി) |
|---|---|
| എ) മലബാർ സിമന്റ്സിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്താണ്; വ്യക്തമാക്കുമോ; | എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ പ്യൂൺ, മസ്ദൂർ, സാനിറ്ററി വർക്കർ എന്നിവയാണ്. ഇതിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ച റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരം പ്യൂൺ തസ്തികകളിൽ മാത്രമാണ് പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നത്. പി.എസ്.സി. യുടെ പരിധിയിൽ വരാത്ത മസ്ദൂർ തസ്തികയിൽ 143 ഒഴിവുകളുണ്ട്. |
| ബി) പ്രസ്തുത സ്ഥാപനത്തിൽ 31.12.2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | ബി) 31.12.2019 വരെ ലാസ്റ്റ് ഗ്രേഡായ പ്യൂൺ, സാനിട്ടറി വർക്കർ എന്നീ തസ്തികകളിൽ ഒഴിവുകളൊന്നും തന്നെ ഇല്ല. പി.എസ്.സി.യുടെ പരിധിയിൽ വരാത്തവ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ